# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1791 — 10.03.2020- ൽ മറുപടിയ്ക്ക്

### തടവുകാർക്കുള്ള തൊഴിൽ പരിശീലന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ്<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ. സി. കൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് തടവുകാർ ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ജയിലുകളിൽ നൽകിവരുന്നതെന്ന് വിശദമാക്കാമോ ; | (എ) | അനുബന്ധം (I) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ജയിലുകളിൽ നിന്നും പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യോല്പന്നങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്ന പദ്ധതി കൂടുതൽ വിജയകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ; | (ബി) | അനുബന്ധം (II) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | തടവുകാരുടെ സേവനം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറി, പാൽ, ഇറച്ചിക്കോഴി എന്നിവയിലൂടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഇവ അവരുടെ ഭക്ഷണത്തിനായി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അറിയിക്കാമോ ; | (സി) | അനുബന്ധം (III) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | വനിതാ തടവുകാർക്കായി നടപ്പാക്കി വരുന്ന പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ഡി) | കേരളത്തിലെ വനിതാ ജയിലുകളായ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം വനിതാ തുറന്ന ജയിൽ എന്നിവിടങ്ങളിൽ തയ്യൽ പരിശീലനം, മൃദുപാവ നിർമ്മാണം, കൂൺ കൃഷി, അച്ചാർ/ സോസ് നിർമ്മാണം, കോഴി വളർത്തൽ, എണ്ണ പലഹാര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, കുട നിർമ്മാണം, എൽ.ഇ.ഡി ബൾബ് നിർമ്മാണം., സാരി പെയിന്റിംഗ്, പശുപരിപാലനം, ജൈവപച്ചക്കറി കൃഷി, ബ്യൂട്ടീഷ്യൻ കോഴ്സ് പേപ്പർ ബാഗ്/ തുണി സഞ്ചി നിർമ്മാണം, ബേക്കറി യൂണിറ്റ്, ഫ്ലവർ മേക്കിംഗ്, സോപ്പ്, ഫിനോയിൽ, ഡിഷ് വാഷ് നിർമ്മാണം, ഡ്രൈവിംഗ് എന്നീ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം (I)

ജയിൽ മോചനത്തിനുശേഷം പുറത്തിറങ്ങുന്ന അന്തേവാസികൾക്ക് സമൂഹത്തിൽ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം സ്വീകരിക്കുന്നതിന് ഉതകുന്ന രീതിയിൽ ജയിൽ സ്ഥാപനങ്ങളിൽ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖേന വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ടി പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

ഡ്രൈവിംഗ് പരിശീലനം, കാർപ്പന്ററി, വീവിംഗ്, ടെയ് ലറിംഗ്, അഗ്രികൾച്ചറൽ ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, എൽ.ഇ. ഡി. ബൾബ് നിർമ്മാണം, സോപ്പ്, ഫിനോയിൽ, പേപ്പർ, മെഴുകുതിരി, ചോക്ക് നിർമ്മാണം, കുട നിർമ്മാണം, തടി കളിപ്പാട്ട നിർമ്മാണം, മൃദു പാവ നിർമ്മാണം, ഫോട്ടോഗ്രാഫി, കമ്പ്യൂട്ടർ, ഡി.റ്റി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ്, ചെണ്ടമേളം, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ പരിശീലനം, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, കരകൗശലവസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം, കുക്കറി, ബേക്കറി & കൺഫെക്ഷനറി, ആഭരണ നിർമ്മാണം, സാരി പെയിന്റിംഗ്, അച്ചാർ/സോസ് നിർമ്മാണം, പേപ്പർ ബാഗ് / തുണി സഞ്ചി നിർമ്മാണം, ജൈവപച്ചക്കറി കൃഷി, ഫ്ലവർ മേക്കിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ്, കൂൺ കൃഷി, കോഴി വളർത്തൽ, ഇൻഡസ്ട്രിയൽ ഫയർ & സേഫ്റ്റി, ഹെയർ കട്ടിംഗ്, ഹെൽത്ത് & സാനിട്ടേഷൻ, പഞ്ചകർമ്മ തെറാപ്പി, മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും പരിചരണവും, ചെങ്കല്ല് വെട്ട് പരിശീലനം, റബ്ബർ ടാപ്പിംഗ്, തെങ്ങുകയറ്റം, പ്ലംബിംഗ്, ടൂവീലർ മെക്കാനിസം, ഹോം അപ്ലയൻസസ് റിപ്പയറിംഗ് കോഴ്സ്, സ്റ്റീൽ ഫർണിച്ചർ നിർമ്മാണം, കൈത്തറി, ഫോർ വീലർ പരിശീലനം, ഫുഡ് മേക്കിംഗ്, അലങ്കാര മത്സ്യ കൃഷി.

ടി പരിശീലന പരിപാടികൾ ജയിൽ മോചിതരായ അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നതിനും അതുവഴി സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനും സഹായകരമാകുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം (II)

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകൾ, തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ, തുറന്ന ജയിൽ ചീമേനി, ആലപ്പുഴ, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകൾ, തിരുവനന്തപുരം വനിതാ ജയിൽ, വനിതാ തുറന്ന ജയിൽ എന്നിവിടങ്ങളിൽ ഫുഡ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യോത്പന്നങ്ങളുടെ വില്പന നടത്തുന്ന പദ്ധതി കൂടുതൽ വിജയകരമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ജയിൽ ഭക്ഷ്യോല്പന്നങ്ങൾ കൂടുതൽ വിജയകരമാക്കാൻ ചിക്കൻ ഫ്രൈ, ചിക്കൻ പിരട്ട്, ചിക്കൻ ചാപ്സ് തുടങ്ങിയ ഉല്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ ആരംഭിച്ചിട്ടുള്ളതാണ്. ഒരു ലിറ്റർ കുടിവെള്ളം 10/- രൂപയ്ക്ക് വില്പന നടത്തി വരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിനുകീഴിൽ പൂജപ്പുരയിൽ ഒരു കഫറ്റേരിയയും തമ്പാനൂർ ബസ് ടർമിനലിൽ ഇരുന്ന് കഴിക്കാൻ സൌകര്യമുള്ള ടേക് എവേ കൌണ്ടറും 6 മൊബൈൽ കൌണ്ടറും ഗുണമേന്മയുള്ള ഭക്ഷ്യോല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നു. ടി കഫറ്റേരിയയിൽ ഫ്രഷ് ജ്യൂസ്, കട്ടൻ ചായ, കഞ്ഞി, ഐസ്ക്രീം എന്നിവയും ലഭ്യമാണ്.
- പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ഭക്ഷ്യോല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, തൈക്കാട് ആശുപത്രി, കിഴക്കേകോട്ട ബസ്സ്റ്റാൻഡ്, തിരുവനന്തപുരം കോടതി വളപ്പ്, ശംഖുമുഖം എന്നിവിടങ്ങളിൽ സ്ഥിരം കൌണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു
- ഭക്ഷ്യോല്പന്നങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.
- വിവിധ രുചികളിലും വൈവിധ്യങ്ങളിലും ആകർഷകമാക്കുകയും പത്രം വഴി പബ്ലിസിറ്റി നൽകുകയും ചെയ്യുന്നുണ്ട്.
- ബേക്കറി & കൺഫക്ഷനറി എന്ന തൊഴിൽ പരിശീലന പരിപാടി വഴി അന്തേവാസികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നു.
- ആധുനിക ഉപകരണങ്ങളും പ്രത്യേക ഭക്ഷണ നിർമ്മാണ യൂണിറ്റുകളും സജ്ജീകരിച്ചു.
- ഓൺലൈൻ സേവന ദാതാക്കളായ സൊമാറ്റോ, സ്വിഗ്ഗി എന്നിവ വഴി ഭക്ഷണ വസ്തുക്കൾ വിതരണം ചെയ്തുവരുന്നു. ഓൺലൈൻ കോമ്പോ ഭക്ഷണ പായ്ക്ക് ഓൺലൈൻ സൈറ്റുകൾ വഴി പ്രകൃതി സൗഹൃദ കവറുകളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.
- ആധുനിക കഫറ്റേരിയകൾ കൂടുതലായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.
- ചീമേനി തുറന്ന ജയിലിലെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് ചെറുവത്തൂരിൽ ഒരു സ്റ്റോൾ ഉണ്ടാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പയ്യന്നൂർ ഭാഗത്തേയ്ക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം (III)

വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരുടെ സേവനം പ്രയോജനപ്പെടുത്തി ജയിലിനകത്തും പുറത്തുമുള്ള ജയിൽ കോമ്പൗണ്ടിലും ഗ്യാങ്ങുകൾ തിരിച്ച് പച്ചക്കറി കൃഷി നടപ്പിലാക്കുകയും വിത്ത്തൈകൾ ഉൽപ്പാദിപ്പിക്കാൻ പോളീഫാം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസത്തെ ശരാശരി പച്ചക്കറി ഉൽപ്പാദനമായ 730 കിലോ ഉൽപ്പന്നങ്ങൾ അന്തേവാസികളുടെ ഭക്ഷണാവശ്യത്തിലേയ്ക്കും 730 കിലോ പൊതുജനങ്ങൾക്ക് വിപണനം ചെയ്യുകയും ചെയ്തിരുന്നു. ശരാശരി 1545 ലിറ്റർ പാൽ മാസംതോറും ഉൽപ്പാദനം നടത്തി അന്തേവാസികളുടെ ഉപയോഗത്തിനായി നൽകുന്നു. പച്ചക്കറി കൃഷി കൂടുതൽ വിപുലമാക്കുന്നതിന് പുതിയ ഒരു വെജിറ്റബിൾ ഗാർഡൻ മൂന്നര ഏക്കർ സ്ഥലത്ത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പാൽ, പച്ചക്കറി ഇവ തടവുകാരുടെ ഉപയോഗത്തിനായി ഉപയോഗിച്ച് വരുന്നു.

തടവുകാരുടെ സേവനം ഉപയോഗിച്ച് കൃഷി ചെയ്യുന്ന പച്ചക്കറി മിക്ക ജയിലുകളിലും അവരുടെ ഭക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു. പച്ചക്കറി, പാൽ എന്നിവ തടവുകാരുടെ ഭക്ഷണാവശ്യത്തിന് എടുത്ത ശേഷം ബാക്കിയുള്ളവ പൊതുവിപണികൾ വഴി വില്പന നടത്തി വരുന്നു. കൃഷി വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കുന്ന പച്ചക്കറി മിതമായ നിരക്കിലാണ് വില്പന നടത്തുന്നത്. ടി തുക ട്രഷറിയിൽ ഒടുക്കുകയും ചെയ്യുന്നു. കൃഷി വകുപ്പുമായി ചേർന്ന് പച്ചക്കറി കൃഷിയുടെ ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഇറച്ചിക്കോഴി യൂണിറ്റിൽ നിന്നുള്ള ഡ്രെസ്സ്ഡ് ചിക്കൻ തിരുവനന്തപുരം സെൻട്രൽ ജയിൽ ചപ്പാത്തി യൂണിറ്റിലേയ്ക്ക് നൽകി വരുന്നു. കൂടുതൽ സ്ഥലങ്ങൾ കൃഷിയ്ക്കായി ഉപയോഗപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. വളരെ കുറച്ച് വിസ്തീർണമുള്ള ജയിലുകളിൽ ഗ്രോ ബാഗുകളിൽ കൃഷി ചെയ്ത് വരുന്നു.

ചീമേനി തുറന്ന ജയിലിൽ പച്ചക്കറി കൃഷിയുടെ വിസ്തീർണം വർദ്ധിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ 'സുരക്ഷിത ഭക്ഷ്യോത്പ്പാദനം' എന്ന കാർഷിക നയത്തിന് അനുസൃതമായി രാസകീടനാശിനികൾ ഒഴിവാക്കി ജൈവ കൃഷിയ്ക്ക് പ്രാധാന്യം നൽകിയുള്ള ഉൽപ്പാദന രീതി സ്വീകരിച്ചു. ജയിലിൽ വളർത്തി വരുന്ന ആട്, പശു, കോഴി എന്നിവയുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ജൈവവളം മിശ്രിതം നിർമ്മിച്ച് മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

കണ്ണൂർ സെൻട്രൽ ജയിലിൽ ആധുനിക രീതിയിലുള്ള കൃഷി സംവിധാനത്തിനായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ജൈവ പച്ചക്കറി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പരമാവധി സ്ഥലങ്ങളിൽ തടവുകാരുടെ സേവനം ഉപയോഗിച്ച് പച്ചക്കറി കൃഷി നടത്തി വരുന്നു. തടവുകാരുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്നവ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ജയിൽ സെയിൽസ് കൗണ്ടർ വഴി വില്പന നടത്തുന്നു. ജയിലിൽ ഡയറിഫാമിൽ നിന്നുള്ള പാൽ ജയിലാവശ്യം കഴിഞ്ഞ് സ്റ്റാഫ് ക്യാന്റീൻ വഴി വില്പന നടത്തി വരുന്നു. ജയിൽ മതിൽകെട്ടിന് വെളിയിൽ ആധുനിക രീതിയിലുള്ള ഡയറി ഫാം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ കോഴി ഫാം, കാട ഫാം തുടങ്ങിയവും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ